# ഇടശ്ശേരിയുടെ കാവ്യശൈലി

ഡോ. പി.എൻ. ചന്ദ്രശേഖരൻ നായർ

ജ്വരസങ്കുലമായ ജീവിതാനുഭവങ്ങളിൽ പുടപാകം ചെയ്ത മനസ്സിൽനിന്നു കിനിയുന്ന രചനകളാണ് ഇടശ്ശേരിയുടെ മിക്ക കവിതകളും. താൻ അനുഭവിച്ച, അനുഭവിച്ചുകൊണ്ടിരുന്ന യാഥാർഥ്യങ്ങളെ അടിസ്ഥാനമാക്കി സഹജീവികളുടെ ആത്മനൊമ്പരങ്ങൾ ചിത്രീകരിക്കാൻ അദ്ദേഹത്തിനായി. സ്വന്തം ജീവിതത്തെക്കുറിച്ചും കാവ്യശൈലിയെക്കുറിച്ചും ഇടശ്ശേരിയിൽ തനതായ ഒരു കാഴ്ചപ്പാടുണ്ടായിരുന്നു. അത് മററൊന്നിന്റെ പകർപ്പാകരുതെന്ന നിർബന്ധബുദ്ധിയിൽ അടിയുറച്ചു വിശ്വസിക്കുകയും ആദ്യവസാനം അതു പാലിക്കാൻ ശ്രമിക്കുകയും ചെയ്തിരുന്നതായിക്കാണാം. ജീവിതത്തെയും കാവ്യജീവിതത്തെയും രണ്ടായിട്ടല്ലാതെ കാണാനും ആ നിശ്ചയദാർഢ്യം ജീവിതത്തിലുടനീളം കാത്തുസൂക്ഷിക്കാനും അദ്ദേഹത്തിനായി.

കവിത്രയത്തിന്റെ കാവ്യവസന്തകാലത്തിൽനിന്നും വളരെ അകലെയല്ലാതെ കാവ്യരംഗത്തേക്കു കടന്നു വരുകയും, പ്രസാദാത്മകതയോടെ വിരാജിച്ച വള്ളത്തോൾ പാരമ്പര്യത്തെ പിന്തുടരകയുംചെയ്ത കവിയാണ് ഇടശ്ശേരി ഗോവിന്ദൻനായർ. എങ്കിലും, ആ സ്വാധീനമുൾക്കൊണ്ടുകൊണ്ട് തനതായ ഒരു കാവ്യവ്യക്തിത്വം രൂപപ്പെടുത്തിയെക്കുന്നതിന് ആദ്യകാലത്തു തന്നെ ഇടശ്ശേരിക്കു കഴിഞ്ഞു. ആയിരത്തിത്തൊള്ളായിരത്തി നാല്പതിൽ ഇരുപത്തിയൊന്നു കവിതകളടങ്ങിയ ‘അളകാവലി’ പുറത്തുവന്നു. അതിലെ മിക്കകവിതകളും നവ്യമായ ഒരു കാവ്യവ്യക്തിത്വം വെളിവാക്കുന്നുണ്ട്. കാലത്തിന്റെയും വിധിയുടെയോ മുന്നിൽ കവി പകച്ചുനിന്നു പോകുന്നില്ല. വിധിവൈപരീത്യങ്ങൾക്കിടയിൽപ്പോലും സമസ്വച്ഛനായ് നിലകൊള്ളാനും സ്വകർമാനുഷ്ഠാനം നിർവഹിക്കാനും അദ്ദേഹത്തിനു കഴിഞ്ഞിരുന്നു.

‘ഒഴുകുന്നൂ മഹാകാലപ്രവാഹം, ഞാനോ
വഴുപ്പൻ പാറപോലോളത്തിരക്കിൽ വാഴ്‌വൂ.’ (ഒളിച്ചോട്ടം)

കവിയുടെ ജീവിതഗതി ഈ വരികളിൽ തെളിഞ്ഞുകാണാം.

കവിതയുടെ ലക്ഷ്യം കവിതാരംഭത്തിൽത്തന്നെ വ്യക്തമാക്കുന്നത് ഇടശ്ശേരിയുടെ പ്രത്യേകതയാണ്.

‘അരിയില്ല, തിരിയില്ല ദുരിതമാണെന്നാലും
നരിതിന്നാൽ നന്നോ മനുഷ്യന്മാരെ’ (ബുദ്ധനും ഞാനും നരിയും)

സ്വാഭാവികമായും ഉത്തരം വിധിമാർഗത്തിൽത്തന്നെയായിരിക്കില്ലല്ലോ. നരിയും വിശന്നു പൊരിയുന്ന സ്വന്തം കുടുംബവും ഒരേസമയം മനസ്സിൽ വന്നപ്പോൾ, ഭയംവെടിഞ്ഞ് ആശ്രയിക്കുന്നവരുടെ അല്ലലകററാൻ കവി തീരുമാനമെടുക്കുന്നു. അഹിംസാമൂർത്തിയായ ബുദ്ധഭഗവാനെപ്പോലും നരിയെ വധിക്കാനുള്ള ഉപാധിയാക്കി മാററാനും അങ്ങനെ രക്ഷാമാർഗം കണ്ടെത്താനും കവി പ്രേരിതനാകുന്നു. അനുപേക്ഷണീയമായ സാചര്യങ്ങളിൽ കരണീയമായത് നിർവഹിക്കുകയേ നിവൃത്തിയുള്ളൂ എന്ന അവബോധമാണിവിടെ. കവിയുടെ പ്രായോഗികതാഭാവം ഇവിടെ വെളിപ്പെടുന്നുണ്ട്. മനുഷ്യൻ എത്രയൊക്കെ ദീനയായാലും പ്രാണനെ പണയപ്പെടുത്താനാവില്ലല്ലോ.

നാടകീയമായ ഒരവതരണം; പിന്നെ കഥാവസ്തു. അതാണ് ഇടശ്ശേരിയുടെ രീതി. ഈ രീതി പുതുമയാർന്നതാണെന്നൊന്നും പറയാനില്ല. (നാടകീയമായ തുടക്കം വള്ളത്തോൾ സമ്പ്രദായം തന്നെ) ‘ബിംബിസാരന്റെ ഇടയൻ’ എന്ന കവിതയിലും ഈ പ്രത്യേകത കാണാം.

‘യാഗശാലയിലേക്കു നടക്കുവി-
നാഗസ്വികളാമാടുകളേ
ബിംബിസാര നൃപൻ ദീക്ഷിപ്പൂ
നിങ്ങളെ മീളുമൊരധ്വരം.
അലയാതലയാതകറാതേ
ഇലയോ പുല്ലോ തിന്നാതെ
യാഗശാലയിലേക്കു നടക്കുവി-
നാഗസ്വികളാമാടുകളെ!’

കഴിയുന്നത്ര ലളിതപദങ്ങളിലൂടെ പറയേണ്ടത് സാർഥകമായി പറയാനും പദങ്ങളുടെ ആവർത്തനം കൊണ്ട് അവയെ ഉറപ്പിക്കാനും ശ്രമിച്ചിട്ടുള്ളത് കാണുക. സാധാരണ ഭാഷാപദങ്ങൾ, പ്രാദേശികപദങ്ങൾ, പ്രചാരലുപ്തമായ പദങ്ങൾ എന്നിവയോടൊപ്പം തന്നെ സംസ്കൃത പദങ്ങളും ചേർക്കുന്നുണ്ട്. ‘ബിംബിസാരന്റെ ഇടയൻ’ എന്ന കവിതയുടെ ആമുഖത്തിൽ ഇടശ്ശേരി ഇങ്ങനെ പറയുന്നു: “വലിയവരുടെ ആശ്രിതനായി അവരുടെ വീടുകളിൽ കഴിഞ്ഞു കൂടിയിട്ടുണ്ട് ഞാൻ.

അക്കാലത്ത് അവിടെ അതിഥികളായി വന്ന വള്ളത്തോൾ, ഇ.വി., നാലപ്പാടൻ തുടങ്ങിയവരെ അകന്നുനിന്നു നോക്കിക്കാണുന്നതിലുണ്ടായ രസം ഒരിടയനിലൂടെ പ്രകടമാക്കിയതാണ് ഈ കവിത." മാതൃത്വത്തിന്റെ മഹനീയതയെ മററു പല കവിതയിലുമെന്നപോലെ ഇവിടെയും വാഴ്ത്തുന്നുണ്ട്.

'അമ്മമാരുടെ മുഗ്ധതകൾക്കി
ങ്ങവസിതിയുണ്ടോ ഭുവനത്തിൽ,
തന്നെത്തന്നേ തീററകൊടുത്തിവർ
പോററിയെടുപ്പീലാരാരെ!'

ആ ത്യാഗസന്നദ്ധതയ്ക്കു മുമ്പിൽ ശിരസുകുനിയാതെ നിൽക്കാൻ ആർക്കാണു കഴിയുക. സ്വന്തം ജന്മം വീടാക്കടമായി മാറിയ ഇടന്റെ ചിത്രം നിസ്സഹായനായ സാധാരണ മനുഷ്യന്റെ പ്രതിരൂപം അനാവരണം ചെയ്യുന്നു.

'അവൾക്കു കുളിരിനു കമ്പിളിനേടി-
പ്പിന്നീടെങ്ങോ ഞാൻ ചെൽകെ
ഒരട്ടി മണ്ണുപുതച്ചു കിടപ്പൂ
വീടാക്കടമേ മമ ജന്മം'

സ്വാനുഭവത്തിൽ ചാലിച്ചെഴുതിയ ആ ആത്മനൊമ്പരം അനുവാചകന് എളുപ്പം കണ്ടെത്താനാവും.

നാടകീയത മുററിനിൽക്കുന്ന കവിതകളാണ് പൂതപ്പാട്ടും കാവിലെപ്പാട്ടും. മലയാളികളുടെ മനസ്സിൽ നിർല്ലീനമായിക്കഴിഞ്ഞ മിത്തുകളെ* ഭാവതീവ്രതയോടെ ഇടശ്ശേരി ഇക്കവിതകളിൽ ആവിഷ്കരിക്കുന്നു. അവതരണത്തിൽ സ്വീകരിച്ചിരിക്കുന്ന പുതുമകൾ ആസ്വാദകമനസ്സിനെ കണ്ടറിഞ്ഞുകൊണ്ടുള്ള രചനാതന്ത്രം തന്നെ. പൂതമെന്ന സങ്കൽപ്പത്തെ കവി വാക്കുകൾകൊണ്ട് അനുവാചകമനസ്സിലേക്ക് കൊണ്ടുവരുന്നു. ഹൃദയഹാരിയായ സാധാരണപദങ്ങളുടെ സന്നിവേശം കൊണ്ടും അനുയോജ്യമായ ഭാവവ്യതിയാനങ്ങൾ സൃഷ്ടിക്കാനാവുന്ന നാടൻപദങ്ങളുടെ അവതരണംകൊണ്ടും കവിതാഘടനയിൽ അനുഷ്ഠിച്ചിരിക്കുന്ന കാവ്യഗുണം അനിതരസാധാരണമാണ്. അനപത്യതാ ദുഃഖമനുഭവിക്കുന്ന പൂതത്തിന്റെ നിസ്സഹായാവസ്ഥയും സ്വന്തം മകനിൽ മാതാവിനുള്ള ഉത്കണ്ഠയും മാതൃത്വത്തിന്റെ മഹനീയതയും പൂതപ്പാട്ടിലൂടെ അനാവൃതമാകുന്നു. മനുഷ്യനെ ഭയപ്പെടുത്തി നിലകൊണ്ടിരുന്ന പൂതം ഇടശ്ശേരിയുടെ ഭാവനയിലൂടെ 'സുഖദയും വരദയു'മായി മാറുന്നു; മാതൃത്വത്തിന്റെ മഹനീയ ഭാവമായി പരിണമിച്ചിരിക്കുന്നു. പൂതത്തിന്റെ ഭീഷണത കവി വ്യക്തമാക്കുന്നുണ്ട്. ഉഗ്രരൂപിണിയായ യക്ഷിയുടെ സ്വത്വം കൈവരിക്കുകയാണ് പൂതമിവിടെ. കരിമ്പനയുടെ മേൽ വസിക്കുന്ന യക്ഷി എന്നും വിശ്വാസിക്കു ഭീതിദയായിരുന്നു. കേരളീയ മനസ്സുകളിൽ സ്ഥാനം പിടിച്ച ഒരു നാട്ടറിവിനെ പ്രതിഭാധനനായ കവി വിദഗ്ധമായ നിലയിൽ പുനഃസൃഷ്ടിച്ചതാണ് പൂതപ്പാട്ട്.

അമ്മയും പൂതവും നേർക്കുനേർ വരുന്ന രംഗങ്ങൾ ഏറെ നാടകീയമായാണ് അവതരിപ്പിച്ചിട്ടുള്ളത്. പെററവയററിനെ വഞ്ചിക്കുന്ന 'പൊട്ടപൂത'ത്തെ ശപിക്കാൻ കൈയോങ്ങി നിൽക്കുന്ന അമ്മ, അധർമജടിലമായ രാജനീതിക്കെതിരെ രൗദ്രയായി നിലകൊള്ളുന്ന കണ്ണകിയുടെ ഉഗ്രരൂപത്തെ അനുസ്മരിപ്പിക്കും. ഭാവോചിതമായ രംഗമാററങ്ങൾ പൂതപ്പാട്ടിൽ ദൃശ്യമാകുന്നുണ്ട്.

ക്രൂരയും കുപിതയുമാണ് 'കാവിലെ പാട്ടി'ലെ ദേവി. അവൾ ഭീതിക്കടിസ്ഥാനവുമാണ്. സുംഭനിസുംഭാദികളെ അവൾ അരിഞ്ഞുവീഴ്ത്തി. ഭീതികൊണ്ട് പാഞ്ഞവരിൽ അവൾ മാരിവിത്തും പാകി. ചോരകൊണ്ട് തർപ്പണം ചെയ്ത് അവളുടെ ദാഹം തീർക്കാൻ ആവശ്യപ്പെടുമ്പോൾ ഭക്തന് അത് ചെയ്യുകയേ നിവൃത്തിയുണ്ടായുള്ളൂ. ക്രൂരയും കുപിതയുമായ ദേവിയെ ഇടശ്ശേരി 'സുരഭിലപ്പൂവല്ലി'യാക്കി മാററി. കവിതയുടെ ഭിന്ന ഭാവങ്ങൾക്കനുസൃതമായി പദഘടന സ്വീകരിക്കാൻ കവി ഏറെ ശ്രദ്ധചെലുത്തിയിരിക്കുന്നു. രമ്യപദങ്ങളുടെ ആവർത്തനം കവിതയുടെ ഔചിത്യത്തെ ഏറെ പുഷ്ടമാക്കുന്നു.

കവി മനസ്സിൽ സ്ഥാനം പിടിച്ച രണ്ടു കുട്ടികളുടെ - ഒരു പെങ്ങളും മൂന്നോ നാലോ വയസ്സായ ഒരനുജനും- ചിത്രത്തിന്റെ പുനരാവിഷ്കരണമായ 'പെങ്ങൾ' ജീവിതത്തിന്റെ വൈരുധ്യങ്ങൾ വിളംബരം ചെയ്യുന്നു.

'അവനവളമ്മയുമച്ഛനുമേട്ടനു-
മേട്ടത്തിയുമാ, ണെല്ലാവരുമാ-
ണവനേയുള്ളു തന്റേതെന്ന-
പ്പെണ്ണിനൊരാളെ ചൂണ്ടണമെങ്കിൽ'

---

*ഇതു ശരിയല്ല. വള്ളുവനാട്ടിൽ ഗ്രീഷ്മാരംഭത്തോടെ വീടുകളിൽ കയറി തുടി കൊട്ടിന്റെ അകമ്പടിയോടെ കളിച്ചിറങ്ങിയിരുന്ന പൂതത്തെപ്പറ്റി ഒരു കഥയും നിലവിലില്ല. ഇടശ്ശേരി ഈ പൂതം കളിയെ ചുറ്റി ഒരു മിത്തു നെയ്തുണ്ടാക്കുകയാണ് ചെയ്തത്. *(**'തുടികൊട്ടും ചിലമ്പൊലിയും'**)*. അതാണുതാനും ആ കവിതയുടെ മേന്മയും. ഒരു മിത്തെടുത്ത് കവിതയെഴുതാൻ ആർക്കും കഴിയും, പക്ഷെ പുതുതായി ഒരു മിത്തുണ്ടാക്കുക എന്നത് ഒരു ധിഷണാശാലിയ്ക്കു മാത്രം ചെയ്യാൻ പറ്റുന്ന കാര്യമാണ്. - മഹാകവി ഇടശ്ശേരി സ്മാരക ട്രസ്റ്റ്.

പെങ്ങൾക്ക് അനുജന്റെ നേർക്കുള്ള ഈ ഭാവം കവിയെ വികാരാധീനനാക്കുന്നുണ്ട്. ഉററവരും ഉടയവരുമില്ലെങ്കിലും ആടിപ്പാടിയും അലിവുള്ളവരായ നാട്ടുകാരോടിരന്നും കഴിഞ്ഞുകൂടിയ നാട് വിടണമെന്ന ആവശ്യം അനുജനുന്നയിച്ചപ്പോൾ പെങ്ങൾക്ക് ജീവിതചിത്രം പിച്ചിച്ചീന്തിയതായി അനുഭവപ്പെട്ടു. എങ്കിലും അവൾക്ക് ചെറുത്തു നിൽക്കാനായില്ല.

'ചേച്ചീപോവുക നാമെന്നെങ്കിൽ
പോകുകയെന്നേ നാവുവഴങ്ങൂ.'

അവൾക്ക് അനുഭവിക്കേണ്ടിവന്ന ജീവിതദുരന്തങ്ങൾ കവി നാടകീയമായി അവതരിപ്പിച്ചിരിക്കുന്നു. ചേച്ചിയുടെ നിസ്വാർഥമായ സ്നേഹം നിരർഥകമാകുന്നു. 'മനുഷ്യമനസ്സിന്റെ അധഃസ്ഥലങ്ങളിൽ സുപ്തമായിക്കിടക്കുന്ന' സ്വാർഥതയും നന്ദികേടും അനുജന്റെ ചിത്രീകരണത്തിലൂടെ കാട്ടിത്തരുന്നു. പച്ചയായ യാഥാർഥ്യങ്ങളെ യഥാതഥമായി ഉന്മീലനം ചെയ്ത്, ജീവിതമുയർത്തുന്ന പ്രശ്നങ്ങളെക്കുറിച്ച് ഭയചകിതരാകുമാറ് ബോധ്യപ്പെടുത്തുക എന്ന കർമമാണ് ഇടശ്ശേരി 'പെങ്ങളി'ലൂടെ ചെയ്യുന്നത്.

കാൽപ്പനിക കവികളെപ്പോലെ ഇടശ്ശേരിയും കാലത്തെയും വിധിയെയും മരണത്തെയും തന്റെ ഇതിവൃത്തങ്ങളിലുൾപ്പെടുത്തിയിട്ടുണ്ട്. ഇവയോടുള്ള സമീപനം 'ജാനകി' എന്ന കവിതയിൽ വ്യക്തമാക്കുന്നുണ്ട്.

'കഴിഞ്ഞു കാര്യം, മമ ഭാഗധേയ–
മണിപ്രദീപം പ്രഭവീശി നിൽക്കേ
കരാളമാം കാലമരുത്തടിച്ചു
പൊലിച്ചു; മൺഗേഹമിരുട്ടടഞ്ഞു'

പിഞ്ചുകുഞ്ഞിന്റെ കാന്തിപോലും കഠോരനായ മൃത്യു പരിഗണിച്ചില്ലെന്നു കവി കുററപ്പെടുത്തുന്നു. കുടുംബമാകുന്ന പൊയ്കയിൽ ആററുനോററുണ്ടായ നാലഞ്ചു പുതുതാമരകൾ വിടർന്നു തീർന്നില്ല. അതിനു മുൻപ് അതിലൊന്നിനെ പൊട്ടിച്ചെറിയുകയാണ് ദുർവിധി. തന്റെ കയ്യിലേൽപ്പിച്ച വിശിഷ്ട ശോഭയോടു കൂടിയ അനർഘരത്നത്തെ കണ്ട് കൊതിതീരും മുൻപ് 'കടുകാലചോരൻ' കയ്യിൽനിന്നും തട്ടിയെടുത്തു. കവി നിയതിയോട് പരിഭവിക്കുന്നു.

'ഹാ മൃത്യു, മത്തദ്വിരദ പ്രവീര
ക്രീഡാ തടാകം ജഡമായ ലോകം
അതിൽ തിരത്തല്ലു തകർത്തിടുന്നു
പാഴ്ചണ്ടിയും തണ്ടലർമൊട്ടുമൊപ്പം.'

'മേലേ തീമഴ, താഴെ ചെങ്കനൽ' എന്ന മട്ടിൽ മീനക്കൊടും വെയിൽ കത്തുമ്പോൾ പാടം ഉഴുതുമറിക്കുന്ന കോമനെ ഇടശ്ശേരി ചിത്രീകരിക്കുകയാണ് പുത്തൻകലവും അരിവാളും എന്ന കവിതയിൽ. പാടം ഉഴുതുമറിച്ചതും വിതച്ചതും കളപറിച്ചതും കോമന് ശക്തി തിളച്ചു മറിഞ്ഞതു കൊണ്ടല്ല. കോമനും കുടുംബത്തിനും കൊച്ചുകൊച്ചു സ്വപ്നങ്ങളുണ്ടായിരുന്നു. പക്ഷേ, അധികാരത്തിന്മേലൂട്ടിപ്പുതുക്കാത്ത പക്ഷം കൊയ്ത്തിനുപകരിക്കാത്തതാണ് അരിവാളുകളെന്ന് കോമൻ കണ്ടറിഞ്ഞു. കുറച്ചു പറയുകയും കൂടുതൽ ചിന്തിക്കുകയും ചെയ്യുക എന്ന 'ഇടശ്ശേരി ശൈലി' ഇവിടെ ശ്രദ്ധേയമാണ്.

പുരാണകഥകളെ ഇതിവൃത്തമായി സ്വീകരിക്കുമ്പോഴും അതിലൊരു തെരഞ്ഞെടുപ്പ് നടത്തി സമൂഹത്തിന്റെ പ്രതിനിധിയാകുന്ന കഥാപാത്രങ്ങളെ കണ്ടെത്താൻ കവി ശ്രമിച്ചിരിക്കുന്നതു കാണാം. 'ബിംബിസാരന്റെ ഇടയൻ', 'അമ്പാടിയിലേക്കു വീണ്ടും' തുടങ്ങിയ കവിതകൾ മികച്ച ഉദാഹരണങ്ങൾ.'

'ഇടയ്ക്കു കണ്ണീരുപ്പുപുരട്ടാ–
തെന്തിനു ജീവിത പലഹാരം.' (അമ്പാടിയിലേക്ക് വീണ്ടും)

ഇടശ്ശേരിയുടെ ജീവിത വീക്ഷണം ഇവിടെ പ്രത്യക്ഷപ്പെടുന്നു. തികഞ്ഞ ഗ്രാമീണനും കർഷകനുമായിരുന്ന കവിക്ക് ഗ്രാമീണ ജീവിതം എന്നും ആനന്ദകരമായിരുന്നു. ഗ്രാമീണരായ സഹജീവികൾ പ്രിയപ്പെട്ടവരും. യാന്ത്രികയുഗത്തിന്റെ ആഗമനം കവിയിൽ ആശങ്കയുണർത്തുന്നു. മർത്ത്യവിജയത്തിനു മേൽ കാലൂന്നിക്കൊണ്ട് കുററിപ്പുറം പാലത്തിൽ നിൽക്കുമ്പോൾ ശുഷ്കിച്ചപേരാർ കവിയിൽ അസ്വസ്ഥതയുടെ കാർനിഴൽ വീഴ്ത്തുന്നു. മനസ്സു ഗതകാലസ്മരണകളിലേക്ക് ഊളിയിട്ടുപോകുമ്പോൾ താനറിയാതെ ഒരു നേർത്തവേദന കവിക്ക് അനുഭവപ്പെടുകയും ചെയ്യുന്നു.

'പിറവിതൊട്ടെൻ കൂട്ടുകാരിയാമ–
മ്മധുരിമ തൂകിടും ഗ്രാമലക്ഷ്മി
അകലേക്കകലേക്കകലുകയാം
അവസാനയാത്ര പറയുകയാം.' (കുററിപ്പുറം പാലം)

നഷ്ടബോധത്തിന്റെ ചൂടുചിന്തകൾ ഈ വരിയിൽ കാണാം. അനുവാചകനെ ആ അവസ്ഥ യഥാ

തഥമായി അറിയിക്കാൻ പര്യാപ്തമായതും വിശദീകരണം ആവശ്യമില്ലാത്തതുമായ വരികൾ! ലളിത പദങ്ങളാൽ ആരംഭിച്ച് അന്തഃസംഘർഷം പ്രകടമാക്കിക്കൊണ്ട് ഒരു ചോദ്യത്തിൽ കവിത അവസാനിപ്പിക്കുന്നു.

'കളിയും ചിരിയും കരച്ചിലുമായ്
കഴിയും നരന്നൊരു യന്ത്രമായാൽ,
അംബ, പേരാറേ, നീ മാറിപ്പോമോ
ആകുലമാമൊരഴുക്കുചാലായ്?'

ക്രാന്തദർശിയായ കവിയുടെ ദുഃഖം അസ്ഥാനത്തായിരുന്നില്ലല്ലോ.

ജീവിതം നരകതുല്യമായി മാറിയ ഒരു കൂട്ടം പാവപ്പെട്ട തൊഴിലാളികളുടെ ദൈന്യത്തിന്റെ സാക്ഷിപത്രമാണ് 'ചകിരിക്കുഴികൾ'. മദയാനയെപ്പോലും ബന്ധിച്ചു നിർത്താൻ പോന്ന തുടലായും കരയെ കരയോടിണക്കി മനുഷ്യനെ ഒരുമിപ്പിക്കുന്ന കപ്പലുകളുടെ ചിറകിലമർന്ന ഞരമ്പായും മററും കയർ പരിണമിക്കുമ്പോൾ അതിന്റെ സ്രഷ്ടാക്കളായ തൊഴിലാളികളുടെ ദൈന്യം കാണാൻ ഇന്ന് ആരുമില്ലെന്ന അവസ്ഥ സംജാതമായതിൽ കവി പ്രതിഷേധിക്കുന്നു. തലമുറതലമുറയായി കൈമാറിയ മാറാശാപം പേറുന്ന ജീവൻ ദുർവാസനയാൽ ചകിരിക്കുഴിയുടെ ചുററും വന്നു മുളയ്ക്കുകയാണോ എന്ന് കവി സംശയിക്കുന്നു:

'ഇക്കയർ പണിയും സോദരിമാരുടെ
ദുഃഖം പാടി നടപ്പൂ ഞാൻ
അവരുടെ കഷ്ടപ്പാടിൻ നേർക്കൊരു
മിഴിനീർ നിങ്ങൾ പൊഴിക്കില്ലേ?'

ചകിരി തല്ലുമ്പോഴുണ്ടാകുന്ന താളത്തെ 'ഇടനെഞ്ഞുടയും തേങ്ങലിനുള്ളൊരു വിനിമയനാണയ'മായിട്ടാണ് കവി കാണുന്നത്. സ്വതേ 'പരുക്കനായ കവി' കയർത്തൊഴിലാളികളുടെ ജീവിതത്തിലെ പരുക്കൻ അനുഭവങ്ങളെ യഥാതഥമായി ആവിഷ്കരിക്കുന്നു. അധ്വാനവും പരിസരവും അകാലവാർധക്യം നേടിക്കൊടുക്കുന്ന സാഹചര്യങ്ങളിൽ ജീവിതായോധനത്തിനായി പകലന്തിയോളം പണിയെടുത്തിട്ടുപോലും സ്വന്തം കുഞ്ഞുങ്ങളുടെ പട്ടിണി മാററാനാവാത്ത പാവങ്ങൾ!

ആഡംബരത്തിന്റെയും സമ്പൽസമൃദ്ധിയുടെയും വിഭവങ്ങളായ ഉൽപ്പന്നങ്ങൾ നിർമിച്ചു കൂട്ടാൻ വേണ്ടി ജീവിതം ബലിയർപ്പിക്കുന്ന തൊഴിലാളികളുടെ വക്താവായി മാറുകയാണ് കവി. അവരുടെ ദൈന്യം കാണാൻ വിമുഖതകാട്ടുന്ന സമൂഹത്തോടും സാമൂഹിക വ്യവസ്ഥിതികളോടും കവി പ്രതിഷേധിക്കുന്നു.

ഉണ്ണാനില്ലാത്ത, ഉടുക്കാനില്ലാത്ത തലചായ്ക്കാൻ പററിയൊരിടമില്ലാത്ത പട്ടിണിക്കാരായ അശരണരുടെ ദുഃഖം കവിയുടെ ദുഃഖമായി മാറുന്നത് വരികൾക്കിടയിലൂടെ അനുവാചകന് അനുഭവവേദ്യമാകുന്നു. അവരോടുള്ള അനുകമ്പയും ആർദ്രതയും സഹാനുഭൂതിയും ഔചിത്യപൂർണമായ ഭാവ-ഭാഷകളിലൂടെ ഇടശ്ശേരി ആവിഷ്കരിച്ചു. വികാരത്തിന് സ്വകവിതയിൽ അമിത പ്രാധാന്യം നൽകിയില്ലെങ്കിലും പ്രതികരിക്കേണ്ടിടത്തൊക്കെ ശക്തിയുക്തമായ ശൈലിയാണ് സമസ്തഘടകങ്ങളിലും ഇടശ്ശേരി ദീക്ഷിച്ചത്.